(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം ലഭിച്ചില്ലായെന്ന് പരാതിയുണ്ടായതിനെത്തുടർന്ന് അപേക്ഷ സമർപ്പിക്കുന്നത് 1-2-2014 മുതൽ 31-3-2014 വരെയുള്ള രണ്ട് മാസക്കാലത്തേയ്ക്കുകൂടി വീണ്ടും അവസരം നൽകിയിരുന്നു. ഈ കാലയളവിൽ കണ്ണൂർ ജില്ലയിൽ 12,306 അപേക്ഷകളും കാസർഗോഡ് ജില്ലയിൽ 16,982 അപേക്ഷകളും ലഭിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത അപേക്ഷകളിൽ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്ന നടപടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു. പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ പുതുതായി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്കും ഭൂമി നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

159 (1192) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ;

(ബി) നാളിതുവരെ ലഭിച്ച അപേക്ഷകൾ എത്ര ; എത്ര പേർക്ക് ഇതിനകം ഭൂമി നൽകാനായി ;

(സി) പട്ടയം നൽകിയവയിൽ ഭൂരിഭാഗവും അനുവദിച്ച ഭൂമി ഏറ്റെടുത്തിട്ടില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ ; ഉപയോഗ പ്രദമല്ലാത്തതും വിദൂരങ്ങളിലുള്ളതുമായ ഭൂമി നൽകിയതാണ് ഇതിനു കാരണമെന്നറിവുള്ളതാണോ ;

(ഡി) അപേക്ഷകർക്ക് അതാതിടങ്ങളിൽ തന്നെ ഭൂമി നൽകുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ട് ;

(ഇ) ഭൂരഹിതർ സി.പി.ഐ.(എം) നേതൃത്വത്തിൽ നടന്ന സമരത്തിൽ ചൂണ്ടിക്കാട്ടിയ ഭൂമി ഈ ആവശ്യത്തിന് പിടിച്ചെടുത്ത് വിതരണം ചെയ്യാത്തതെന്തുകൊണ്ട് ;

(എഫ്) സർക്കാർ കൈവശമുള്ള മിച്ചഭൂമി ഈ ആവശ്യത്തിനായി വിനിയോഗിച്ചിട്ടുണ്ടോ ; ഉപയോഗശൂന്യമായ ഭൂമിക്കുപകരം ഭൂമി കണ്ടെത്തി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ : സംസ്ഥാനത്തെ മിച്ചഭൂമി സംബന്ധിച്ച കണക്കുകൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രണ്ടായിരത്തി പതിനഞ്ചോമാണ്ട് അവസാനത്തോടുകൂടി പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷ സമർപ്പിക്കുന്നതിന് വീണ്ടും അവസരം നൽകിയതിനെത്തുടർന്ന് ലഭ്യമായഉൾപ്പെടെ പദ്ധതിയിലേയ്ക്ക് ആകെ 3,59,038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിനകം പ്രസിദ്ധീകരിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽനിന്ന് പദ്ധതിയുടെ ഒന്നാം ഘട്ടമായി 36,491 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്.

(സി) പട്ടയം അനുവദിച്ച ഭൂരിപക്ഷം ഗുണഭോക്താക്കൾക്കും ഭൂമി കൈമാറാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ കോടതി കേസുകൾ മുഖേനയോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയോ സാമൂഹിക സംഘടനകളുടേയോ ഇടപെടലുകൾ മുഖേനയോ ചില സ്ഥലങ്ങളിൽ ഭൂമി കൈമാറാൻ കഴിഞ്ഞിട്ടില്ല എന്നുകാണുന്നു. ഗുണഭോക്താക്കൾക്ക് അവരുടെ വില്ലേജിൽനിന്നോ സമീപ വില്ലേജുകളിൽനിന്നോ ആണ് ഒന്നാം ഘട്ടത്തിൽ ഭൂമി അനുവദിച്ചത്.

(ഡി) ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽത്തന്നെ ഭൂമി അനുവദിക്കാനാണ് ശ്രമിച്ചുവരുന്നത്. എന്നാൽ സ്വന്തം വില്ലേജിൽ ഭൂമി ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽ മാത്രമേ മറ്റ് വില്ലേജുകളിൽനിന്നുള്ള ഭൂമി അനുവദിച്ചിട്ടുള്ളൂ. അപേക്ഷകരുടെ ജില്ലയ്ക്ക് വെളിയിൽ പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകിയിട്ടില്ല.

(ഇ&എഫ്) വീട് വയ്ക്കാൻ അനുയോജ്യമായ മിച്ചഭൂമികളും ചട്ടങ്ങൾക്ക് വിധേയമായി പദ്ധതിക്ക് ഉപയോഗിക്കുന്നുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമല്ലാത്ത പ്ലോട്ടുകളെന്ന് ആക്ഷേപം ഉണ്ടായിട്ടുള്ള കേസുകളിൽ വസ്തുത ബോധ്യപ്പെടുന്നപക്ഷം പകരം പ്ലോട്ടുകൾ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ മുഴുവൻ മിച്ചഭൂമിയും വിതരണയോഗ്യമല്ല. വിതരണയോഗ്യമായതാണ് ജില്ലാകളക്ടർമാർ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തെരഞ്ഞെടുത്തത്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

160 (1193) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിപ്രകാരം സംസ്ഥാനത്ത് ഭൂമി ലഭിക്കുവാൻവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് ജില്ല തിരിച്ച് പറയാമോ ;